(ഡി) പ്ലസ് വൺ പരീക്ഷാഫലം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2010 മാർച്ച് 15 ഏപ്രിൽ 5 മുതൽ ആരംഭിച്ച രണ്ടാം വർഷ പരീക്ഷാ മൂല്യ നിർണ്ണയം പൂർത്തിയായ മുറയ്ക്ക് ഒന്നാം വർഷ പരീക്ഷയുടെ മൂല്യ നിർണ്ണയം ആരംഭിച്ചു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) 9-7-2010-ന് പരീക്ഷാഫലം പ്രസിദ്ധീകരിച്ചുകഴിഞ്ഞു.

പുതിയാപ്പ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ കോഴ്സുകൾ

96 (3850) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഫിഷറീസുമായി ബന്ധപ്പെട്ട കോഴ്സുകളും, സയൻസ് കോഴ്സുകളും ആരംഭിക്കണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹയർ സെക്കന്ററി വകുപ്പ് മേധാവിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

വയനാട് ജില്ലയിൽ അനുവദിച്ച ഹയർ സെക്കൻണ്ടറി സ്കൂളുകൾ

97 (3851) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചു ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വർഷം ജില്ലയിൽ പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 6 സ്കൂളുകൾ അനുവദിച്ചു. ജി.എച്ച്.എസ്.എസ്. ആറാട്ടുകര, ജി.എച്ച്എസ്എസ്. പരിക്കല്ലൂർ, ജി.എച്ച്എസ്.എസ്. ആനപ്പാറ, ജി.എച്ച്എസ്.എസ്. നീർവാരം, ജി.എച്ച്.എസ്.എസ്. വൈത്തിരി, ആർ.വി.എം.ആർ.എസ്. നൂൽപ്പുഴ.

(ബി) 1. ജി.എച്ച്.എസ്.എസ്. കണിയാമ്പറ്റ (1 സയൻസ്)
2. ജി.എച്ച്.എസ്.എസ്. മേപ്പാടി (1 ഹ്യൂമാനിറ്റീസ്)
3. ജി.എച്ച്.എസ്.എസ്. പനങ്ങണ്ടി (സയൻസ്-1)
4. ജി.എച്ച്.എസ്.എസ്. തലപ്പുഴ (1 സയൻസ്)
5. ജി.എച്ച്.എസ്.എസ്. കൊയ്ലേരി (1 ഹ്യൂമാനിറ്റീസ്)
6. ജി.എച്ച്.എസ്.എസ്. തൃശ്ശിലേരി (1 ഹ്യൂമാനിറ്റീസ്)
7. ജി.എച്ച്.എസ്.എസ്. വടുവൻചാൽ (1 ഹ്യൂമാനിറ്റീസ്)
8. ജി.എച്ച്.എസ്.എസ്. കാട്ടിക്കുളം (1 ഹ്യൂമാനിറ്റീസ്)
9. ജി.എച്ച്.എസ്.എസ്. വെള്ളമുണ്ട (1 ഹ്യൂമാനിറ്റീസ്)
10. ജി.എച്ച്.എസ്.എസ്. തരിയോട് (1 കോമേഴ്സ്)
11. ജി.എച്ച്.എസ്.എസ്. മാനന്തവാടി (1 ഹ്യൂമാനിറ്റീസ്)

(സി) വയനാട് ജില്ലയിൽ പുതിയ ഹയർ സെക്കൻഡറി സ്കൂളുകളും ബാച്ചുകളും അനുവദിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. അന്തിമ തീരുമാനമായിട്ടില്ല.

ഏലത്തൂർ ഗ്രാമപഞ്ചായത്തിൽ സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് നടപടി

98 (3852) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ ഗ്രാമപഞ്ചായത്തിലെ കൂടുതൽ സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly